# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 ജനവരി 21, ചൊവ്വ

**നമ്പർ 161**

രാവിലെ 09.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചരമോപചാരം :

മുൻ മന്ത്രി എം. ടി. പത്മ, മുൻ എം.എൽ.എ. കെ. മുഹമ്മദുണ്ണി ഹാജി, പ്രിയ കഥാകാരൻ എം. ടി. വാസുദേവൻ നായർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർപേഴ്സൺമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർപേഴ്സൺമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദേശം ചെയ്തു.

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. മുഹമ്മദ് മുഹസിൻ
3. ശ്രീ. ടി. ജെ. വിനോദ്

ശ്രദ്ധ ക്ഷണിക്കൽ :

(1) ഇന്ത്യൻ റെയിൽവേ സംസ്ഥാനത്തോട് തുടരുന്ന അവഗണനകൾക്കിടയിൽ നിലവിലുള്ള ട്രെയിനുകളിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. പി. നന്ദകുമാർ ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് ലഹരി ഉപയോഗത്തിനെതിരായ ബോധവൽക്കരണ പരിപാടികൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. അൻവർ സാദത്ത് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ശ്രീ. കെ.ജെ. മാക്സി | ചെറുകിട ലോട്ടറി ഏജന്റുമാരോടുള്ള വിവേചനം പരിഹരിക്കുന്നതിന് നടപടി | ബഹു. ധനകാര്യവകുപ്പുമന്ത്രി |
| 2. | ശ്രീ. വാഴൂർ സോമൻ | പശുപ്പാറ ഏഴാം നമ്പർ - വാഗമൺ ലിങ്ക് റോഡ് പുനർ നിർമ്മാണം | ബഹു. ധനകാര്യവകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വൈപ്പിൻ കരയിലെ ജലാശയങ്ങളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യൽ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. അബ്ദുൽ ഹമീദ് | ആലിങ്കടവിൽ റഗുലേറ്റർ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കൽ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5. | ശ്രീ. യു. ആർ. പ്രദീപ് | തിരുവില്വാമല ക്ഷേത്രം ബസ് സ്റ്റാന്റിൽ KSRTC സ്റ്റേ സെന്റർ ആരംഭിക്കുന്നതിന് നടപടി | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 6. | ശ്രീ. എ.പി. അനിൽ കുമാർ | കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൾഡ് ഹൈവേയിലേക്ക് തുവ്വൂരിൽ നിന്നും നേരിട്ട് പ്രവേശനം നൽകുന്നതിനും സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിനും നടപടി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7. | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തിയിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | മുണ്ടക്കയം-കൂട്ടിക്കൽ-ഏന്തയാർ-വല്യേന്ത-വാഗമൺ റോഡ് പ്രവൃത്തി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9. | ശ്രീ. ടി. ജെ. വിനോദ് | ഭാരത് റാണി ജംഗ്ഷനിലും ചേരാനെല്ലൂർ തൈക്കാവ് ഭാഗത്തും അണ്ടർ പാസ്സുകൾ നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം :</u>

കൂത്താട്ടുകുളം നഗരസഭയിലെ വനിതാ കൗൺസിലറെ പോലീസ് ഒത്താശയോടെ തട്ടിക്കൊണ്ടു പോയതായി പറയപ്പെടുന്ന വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. അനൂപ് ജേക്കബ്ബും മറ്റ് അഞ്ച് അംഗങ്ങളും സഭാ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>മേശപ്പുറത്തു വച്ച കടലാസ്സുകൾ :</u>

(i) ചട്ടം 166 ബി പ്രകാരമുള്ള താഴെപറയുന്ന കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ പേര് | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| 1 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2023-24 | കേരള സർക്കാരിന്റെ 2023-24 വർഷത്തെ ഫിനാൻസ് അക്കൗണ്ട്സും(വാല്യം 1 &2) അപ്രോപ്രിയേഷൻ അക്കൗണ്ട്സും | അല്ല |
| 2 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2024 | 'പൊതുജന ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ സേവനങ്ങളുടെ പരിപാലനവും ' സംബന്ധിച്ച സി.&എ.ജി. യുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്. | അല്ല |

(ii) താഴെപറയുന്ന ഓർഡിനൻസ് മേശപ്പുറത്തു വച്ചു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2024 | 3 | 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് |

റിപ്പോർട്ടുകളുടെ സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് മുഖ്യമന്ത്രി സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം :

പതിമൂന്നാം സമ്മേളന കാലയളവിൽ സഭയിൽ ഹാജരാകാതിരിക്കുന്നതിന് ചട്ടം 170(1) അനുസരിച്ച് ശ്രീമതി ഉമ തോമസ് സമർപ്പിച്ചിരുന്ന അപേക്ഷ ബഹു. സ്പീക്കർ സഭയിൽ വായിച്ചു. ശ്രീമതി ഉമ തോമസിന് നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് സഭ അനുവാദം നൽകി.

ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയം :

മുഖ്യമന്ത്രി ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു. ശ്രീ. യു. എ. ലത്തീഫ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ടി. സിദ്ദിഖ് എന്നിവർ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു. ഭേദഗതി കൂടാതെ താഴെപറയുന്ന പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"ജനുവരി 6, 2025- ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറത്തിറക്കിയ കരട് മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധരുടെയും ആശങ്കകൾ വലിയ തോതിൽ ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

1977 ജനുവരി 3 - ന് പ്രാബല്യത്തിൽ വന്ന 42 - ാം ഭരണഘടനാ ഭേദഗതി പ്രകാരം ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം സംസ്ഥാന ലിസ്റ്റിൽ നിന്നും സമാവർത്തി ലിസ്റ്റിലെ ഇനം 25 ആയി മാറ്റപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത് അതത് സംസ്ഥാന നിയമസഭകൾ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായിട്ടാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിലെ ഇനം 32 പ്രകാരം സർവ്വകലാശാലകളുടെ സ്ഥാപനം, മേൽനോട്ടം എന്നിവ സംബന്ധിച്ചുള്ള അധികാരം സംസ്ഥാനങ്ങൾക്കാണ്. യൂണിയൻ ലിസ്റ്റിലെ ഇനം 66 പ്രകാരം ഉന്നതവിദ്യാഭ്യാസ

ഗവേഷണ സ്ഥാപനങ്ങളുടെ ഏകോപനത്തിനും നിലവാരം നിശ്ചയിക്കുന്നതിലും മാത്രമാണ് കേന്ദ്ര സർക്കാരിന് അധികാരമുള്ളത്. ഇതിന്റെ പിൻബലത്തിലാണ് യു.ജി.സി. നിയമത്തിൻ കീഴിൽ യു.ജി.സി. റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നത്.

ഭരണഘടനാ നിർമ്മാണ സഭയിൽ ആഗസ്റ്റ് 31, 1949 - ന് നടന്ന സംവാദത്തിന് മറുപടി പറഞ്ഞുകൊണ്ട് ഡോ. ബി. ആർ. അംബേദ്കർ നടത്തിയ പ്രസംഗത്തിൽ യൂണിയൻ ലിസ്റ്റിലെ ഇനം 66 - ന്റെ പരിധിയും പരിമിതിയും വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന ബിരുദ പരീക്ഷകൾക്കുള്ള പാസ് മാർക്കോ മാനദണ്ഡങ്ങളോ പല തരത്തിലായാൽ അത് വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇതുപോലുള്ള ഏകീകൃതമല്ലാത്ത വ്യവസ്ഥകൾ ഒഴിവാക്കാനും സംസ്ഥാനങ്ങളിൽ ഗൗരവമായ മാനദണ്ഡങ്ങളും ഏകീകൃത രീതികൾ ഉറപ്പുവരുത്താനും മാത്രമാണ് യൂണിയൻ ലിസ്റ്റിൽ ഇങ്ങനെയൊന്ന് ഉൾപ്പെടുത്തിയത് എന്നാണ് അദ്ദേഹം പറഞ്ഞത്.

ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയുള്ളതും വൈസ് ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളെ പൂർണ്ണമായും ഒഴിവാക്കുന്നതുമായ 2025 - ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നിരക്കാത്ത ഒന്നാണെന്നാണ് ഈ സഭയുടെ വ്യക്തമായ അഭിപ്രായം.

സർവ്വകലാശാലകളുടെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി ഏതാണ്ട് 80 ശതമാനത്തോളം തുക ചെലവിടുന്നത് സംസ്ഥാന സർക്കാരുകളാണ്. സർവ്വകലാശാലകളുടെ ഗുണനിലവാരം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരുകൾക്ക് മുഖ്യമായ പങ്കുണ്ട്. ഇതിനെയെല്ലാം അവഗണിച്ച് കൊണ്ട് യാതൊരു ചർച്ചകളും കൂടാതെ, വൈസ് ചാൻസലർ നിയമനം പോലുള്ള സുപ്രധാന നിയമനങ്ങളിലും അധ്യാപകരുടെ യോഗ്യത, സേവനവ്യവസ്ഥ എന്നിവയെക്കുറിച്ചും ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ സംസ്ഥാന സർക്കാരുകളെ പൂർണ്ണമായും മാറ്റി നിർത്തുന്ന കേന്ദ്ര സർക്കാരിന്റെയും യു.ജി.സി.യുടെയും സമീപനം ജനാധിപത്യവിരുദ്ധവും തിരുത്തപ്പെടേണ്ടതുമാണെന്ന് ഈ സഭയ്ക്ക് അഭിപ്രായമുണ്ട്. സർവ്വകലാശാലകളിൽ അക്കാദമിക് വിദഗ്ധന്മാരെ വേണമെങ്കിൽ മാറ്റിനിർത്തി സ്വകാര്യ മേഖലയിൽ നിന്നുപോലും വ്യക്തികളെ വൈസ് ചാൻസലർമാരാക്കാമെന്ന സമീപനം ഉന്നതവിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കാനുള്ള നീക്കമാണ്. ഇത് തീർത്തും പ്രതിഷേധാർഹമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്തെ ജനാധിപത്യമൂല്യങ്ങൾ തകർക്കാനും പ്രസ്തുത മേഖലയിൽ മത-വർഗീയ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരുടെ പിടിയിലൊതുക്കാനുമുള്ള നീക്കങ്ങളുടെ ഭാഗമായി മാത്രമേ 2025 - ലെ കരട് യു.ജി.സി. മാനദണ്ഡങ്ങളെ കാണുവാൻ കഴിയൂ.

സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധന്മാരുടെയും അഭിപ്രായങ്ങളും ആശങ്കകളും പരിഗണിച്ച് 2025- ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഉടൻ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ ഗൗരവമായി കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച :

2025 ജനുവരി 17-ന് ഗവർണ്ണർ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചു.

"2025 ജനുവരി 17-ന് ബഹു. ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹു. ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

ഉപക്ഷേപം പിൻതാങ്ങപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ഉപക്ഷേപത്തിന്മേൽ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. പി. അബ്ദുൾ ഹമീദ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. കുറുക്കോളി മൊയ്തീൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. യു.എ. ലത്തീഫ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. റോജി എം. ജോൺ

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. ചാണ്ടി ഉമ്മൻ

തുടർന്ന് ഉപക്ഷേപത്തിന്മേലുള്ള പൊതുചർച്ച തുടങ്ങിക്കൊണ്ട് അവതാരകൻ ശ്രീ. ടി. പി. രാമകൃഷ്ണൻ സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എം. വിജിൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. കെ. യു. ജനിഷ് കുമാർ

ശ്രീ. ടി. സിദ്ദിഖ്

ഡോ. കെ. ടി. ജലീൽ

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. ഡി. കെ. മുരളി

2025 ജനുവരി 22- ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 02.18- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN — PART I

(Brief Record of Proceedings)

*Tuesday, January 21, 2025*

**English Version**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Obituary :*

The Speaker made reference on the demise of M. T. Padma, former Minister, K. Muhammadunni Haji, former Member of the House, M. T. Vasudevan Nair, renowned author. As a mark of respect to the deceased, the members stood in silence for a while.

*Panel of Chairpersons :*

The following Members were nominated to the Panel of Chairpersons for the current Session of the Assembly.

1. C. K. Hareendran
2. Muhammed Muhassin
3. T. J. Vinod

*Calling Attention :*

1. Shri P. Nandakumar called the Minority Welfare, Sports, Wakf and Haj Pilgrimage Minister's attention regarding the necessity to intervene to resolve the hardships faced by the passengers due to the cut back of sleeper coaches in existing trains amidst of continuing negligence of Indian Railways towards the State. The Minister for Minority Welfare, Sports, Wakf and Haj Pilgrimage made a statement in this regard.

2. Shri. Anwar Sadath called the attention of the Minister for General Education and Labour to the necessity to include anti-drug awareness programmes in school curriculum to deter drug use among students. The Minister for General Education and Labour made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | ശ്രീ. കെ.ജെ. മാക്സി | ചെറുകിട ലോട്ടറി ഏജന്റുമാരോടുള്ള വിവേചനം പരിഹരിക്കുന്നതിന് നടപടി | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 2. | ശ്രീ. വാഴൂർ സോമൻ | പശുപ്പാറ ഏഴാം നമ്പർ - വാഗമൺ ലിങ്ക് റോഡ് പുനർ നിർമ്മാണം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വൈപ്പിൻ കരയിലെ ജലാശയങ്ങളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്യൽ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. അബ്ദുൽ ഹമീദ് | ആലിങ്കടവിൽ റെഗുലേറ്റർ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കൽ | ബഹു. ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5. | ശ്രീ. യു. ആർ. പ്രദീപ് | തിരുവില്വാമല ക്ഷേത്രം ബസ് സ്റ്റാന്റിൽ KSRTC സ്റ്റേ സെന്റർ ആരംഭിക്കുന്നതിന് നടപടി | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 6. | ശ്രീ. എ.പി. അനിൽ കുമാർ | കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയിലേക്ക് തുവ്വൂരിൽ നിന്നും നേരിട്ട് പ്രവേശനം നൽകുന്നതിനും സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിനും നടപടി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7. | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തിയിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | മുണ്ടക്കയം-കൂട്ടിക്കൽ-ഏന്തയാർ-വല്യേന്ത-വാഗമൺ റോഡ് പ്രവൃത്തി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9. | ശ്രീ. ടി. ജെ. വിനോദ് | ഭാരത് റാണി ജംഗ്ഷനിലും ചേരാനെല്ലൂർ തൈക്കാവ് ഭാഗത്തും അണ്ടർ പാസുകൾ നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

. The ministers made the statement regarding the respective issue.

*Adjournment Motion: (Rule 50)*

Shri Anoop Jacob and Five other members had given a notice for moving an adjournment motion stating that the woman councilor of Koothattukulam Municipality was allegedly abducted with the connivance of the police and that the proceedings of the House should be suspended to discuss the matter.

On the ground of reply of the Chief Minister, the Speaker denied leave to present the motion for adjournment.

(As a mark of protest against the attitude of the Government in the matter, the Members belonging to opposition staged a walkout.)

*Papers laid on the table :*

(i) Papers as per rule 166B

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കംപ്ട്രോളർആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2023-24 | കേരള സർക്കാരിന്റെ 2023-24 വർഷത്തെ ഫിനാൻസ് അക്കൗണ്ട്സും (വാല്യം 1 &2) അപ്രോപ്രിയേഷൻ അക്കൗണ്ട്സും | അല്ല |
| 2 | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2024 | 'പൊതുജന ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ സേവനങ്ങളുടെ പരിപാലനവും ' സംബന്ധിച്ച സി.&എ.ജി. യുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്. | അല്ല |

(ii) The following ordinance was laid on the table:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2024 | 3 | 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് |

*Presentation of Reports :*

Fifteenth report of the Business Advisory Committee was presented.

*Consideration of Reports :*

The House adopted Fifteenth report of the Business Advisory Committee.

*Leave of Absence from sittings of the House :*

Speaker took pleasure of the House regarding application as per rule 170(1) submitted by Smt. Uma Thomas for grant of leave of absence from the thirteenth sitting of the House. Smt. Uma Thomas was given permission by the House to be absent from the sitting.

*Government Resolution as per Rule 118 :*

Chief Minister moved a resolution as per Rule 118. Shri. U. A. Latheef, Shri N. Samsudheen, Shri. T. V. Ibrahim, Shri P. Ubaidulla and Shri T. Siddique moved amendments to the resolution. The Resolution was adopted unanimously by the House without any amendments as stated below.

" ജനവരി 6, 2025- ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറത്തിറക്കിയ കരട് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധരുടെയും ആശങ്കകൾ വലിയ തോതിൽ ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

1977 ജനവരി 3 - ന് പ്രാബല്യത്തിൽ വന്ന 42 - ാം ഭരണഘടനാ ഭേദഗതി പ്രകാരം ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം സംസ്ഥാന ലിസ്റ്റിൽ നിന്നും സമാവർത്തി ലിസ്റ്റിലെ ഇനം 25 ആയി മാറ്റപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത് അതത് സംസ്ഥാന നിയമസഭകൾ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായിട്ടാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിലെ ഇനം 32 പ്രകാരം സർവ്വകലാശാലകളുടെ സ്ഥാപനം, മേൽനോട്ടം എന്നിവ സംബന്ധിച്ചുള്ള അധികാരം സംസ്ഥാനങ്ങൾക്കാണ്. യൂണിയൻ ലിസ്റ്റിലെ ഇനം 66 പ്രകാരം ഉന്നതവിദ്യാഭ്യാസ

ഗവേഷണ സ്ഥാപനങ്ങളുടെ ഏകോപനത്തിനും നിലവാരം നിശ്ചയിക്കുന്നതിലും മാത്രമാണ് കേന്ദ്ര സർക്കാരിന് അധികാരമുള്ളത്. ഇതിന്റെ പിൻബലത്തിലാണ് യു.ജി.സി. നിയമത്തിൻ കീഴിൽ യു.ജി.സി. റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നത്.

ഭരണഘടനാ നിർമ്മാണ സഭയിൽ ആഗസ്റ്റ് 31, 1949 - ന് നടന്ന സംവാദത്തിന് മറുപടി പറഞ്ഞുകൊണ്ട് ഡോ. ബി. ആർ. അംബേദ്കർ നടത്തിയ പ്രസംഗത്തിൽ യൂണിയൻ ലിസ്റ്റിലെ ഇനം 66 - ന്റെ പരിധിയും പരിമിതിയും വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന ബിരുദ പരീക്ഷകൾക്കുള്ള പാസ് മാർക്കോ മാനദണ്ഡങ്ങളോ പല തരത്തിലായാൽ അത് വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇതുപോലുള്ള ഏകീകൃതമല്ലാത്ത വ്യവസ്ഥകൾ ഒഴിവാക്കാനും സംസ്ഥാനങ്ങളിൽ ഗൗരവമായ മാനദണ്ഡങ്ങളും ഏകീകൃത രീതികൾ ഉറപ്പുവരുത്താനും മാത്രമാണ് യൂണിയൻ ലിസ്റ്റിൽ ഇങ്ങനെയൊന്ന് ഉൾപ്പെടുത്തിയത് എന്നാണ് അദ്ദേഹം പറഞ്ഞത്.

ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയുള്ളതും വൈസ് ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളെ പൂർണ്ണമായും ഒഴിവാക്കുന്നതുമായ 2025-ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നിരക്കാത്ത ഒന്നാണെന്നാണ് ഈ സഭയുടെ വ്യക്തമായ അഭിപ്രായം.

സർവ്വകലാശാലകളുടെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി ഏതാണ്ട് 80 ശതമാനത്തോളം തുക ചെലവിടുന്നത് സംസ്ഥാന സർക്കാരുകളാണ്. സർവ്വകലാശാലകളുടെ ഗുണനിലവാരം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരുകൾക്ക് മുഖ്യമായ പങ്കുണ്ട്. ഇതിനെയെല്ലാം അവഗണിച്ച് കൊണ്ട് യാതൊരു ചർച്ചകളും കൂടാതെ, വൈസ് ചാൻസലർ നിയമനം പോലുള്ള സുപ്രധാന നിയമനങ്ങളിലും അദ്ധ്യാപകരുടെ യോഗ്യത, സേവനവ്യവസ്ഥ എന്നിവയെക്കുറിച്ചും ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ സംസ്ഥാന സർക്കാരുകളെ പൂർണ്ണമായും മാറ്റി നിർത്തുന്ന കേന്ദ്ര സർക്കാരിന്റെയും യു.ജി.സി.യുടെയും സമീപനം ജനാധിപത്യവിരുദ്ധവും തിരുത്തപ്പെടേണ്ടതുമാണെന്ന് ഈ സഭയ്ക്ക് അഭിപ്രായമുണ്ട്. സർവ്വകലാശാലകളിൽ അക്കാദമിക് വിദഗ്ധന്മാരെ വേണമെങ്കിൽ മാറ്റിനിർത്തി സ്വകാര്യ മേഖലയിൽ നിന്നുപോലും വ്യക്തികളെ വൈസ് ചാൻസലർമാരാക്കാമെന്ന സമീപനം ഉന്നതവിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കാനുള്ള നീക്കമാണ്. ഇത് തീർത്തും പ്രതിഷേധാർഹമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്തെ ജനാധിപത്യമൂല്യങ്ങൾ തകർക്കാനും പ്രസ്തുത മേഖലയിൽ മത-വർഗ്ഗീയ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരുടെ പിടിയിലൊതുക്കാനുമുള്ള നീക്കങ്ങളുടെ ഭാഗമായി മാത്രമേ 2025 - ലെ കരട് യു.ജി.സി. മാനദണ്ഡങ്ങളെ കാണുവാൻ കഴിയൂ.

സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധന്മാരുടെയും അഭിപ്രായങ്ങളും ആശങ്കകളും പരിഗണിച്ച് 2025-ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഉടൻ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ ഗൗരവമായി കണക്കിലെടുത്ത്കൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

*Discussion on the motion of thanks to the Governor's Address :*

Shri T. P. Ramakrishnan moved the following motion thanking the Governor for his address to the Members of Kerala Legislative Assembly on 17th January, 2025.

"2025 ജനുവരി 17-ന് ബഹു. ഗവർണ്ണർ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹു. ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

The motion was seconded.

The following Members moved amendments to the motion:

Shri K. P. A. Majeed

Shri N. A. Nellikkunnu

Shri N. Samsudheen

Shri P. Abdul Hameed

Shri A. K. M. Ashraf

Shri Kurukkoli Moideen

Shri Abid Hussain Thangal

Shri U. A. Latheef

Shri Manjalamkuzhi Ali

Shri A. P. Anil kumar

Shri Roji M. John

Shri M. Vincent

Shri Eldose P. Kunnappillil

Shri Saneeshkumar Joseph

Shri T. J. Vinod

Shri Thiruvanchoor Radhakrishnan

Shri Sunny Joseph

Shri K. Babu (Thripoonithura)

Shri T. Siddique

Shri Rahul Mamkootathil

Shri Chandy Oommen

Discussion on the Motion of Thanks commenced with Shri T. P. Ramakrishnan. The following members took part in the discussion:

Shri A.C. Moideen

Shri Thiruvanchoor Radhakrishnan

Shri E. Chandrasekharan

Shri N. Samsudheen

Shri Job Maichil

Shri Mons Joseph

Shri M. Vijin

Smt. Kanathil Jameela

Shri K. U. Jenish Kumar

Shri T. Siddique

Dr. K. T. Jaleel

Shri Ahammad Devarkovil

Shri P. P. Chitharanjan

Shri N. A. Nellikkunnu

Shri E. T. Taison Master

Shri P. C. Vishnunadh

Shri D. K. Murali

The House adjourned at 02.18 p.m. to meet again at 9.00 a.m on Wednesday, January 22, 2025.

DR. N. KRISHNA KUMAR,
Secretary.